## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4052 | 12.12.2018 ൽ മറുപടിയ്ക്ക് |
|---|---|
| **പാലമേൽ പഞ്ചായത്തിൽ മാതൃകാ അംഗൻവാടി** | |
| ചോദ്യം | മറുപടി |
| **ശ്രീ.ആർ. രാജേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ പഞ്ചായത്തിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നതിന് സാമൂഹിക നീതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പാലമേൽ പഞ്ചായത്തിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി 07.02.2017 ലെ കത്ത് മുഖാന്തിരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാരിൽ ലഭിക്കുകയും 25/10/2017, 27/02/2018, 25.06.2018 എന്നീ തീയതികളിലെ SJD-B1/364/2017-SJD നമ്പർ കത്തുകൾ പ്രകാരം ഇത് സംബന്ധിച്ച അധിക വിവരങ്ങൾ വനിത ശിശു വികസന വകുപ്പ് ഡയറക്ടറിൽ നിന്നും ആരായുകയുണ്ടായി. 06/10/2018 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. തുടർന്ന് 25/10/2018 ന് ഫയൽ അഭിപ്രായത്തിനായി ധനകാര്യവകുപ്പിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) വള്ളികുന്നം പഞ്ചായത്തിലെ 136-ാം നമ്പർ അംഗൻവാടിക്ക് അനുവദിച്ച തുക 133-ാം നമ്പർ അംഗൻവാടിക്കായി മാറ്റി അനുമതി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ